LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

*21 [111] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

,, രാജു എബ്രഹാം:

,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് ഇപ്പോൾ പ്രയോജനപ്പെടുന്നില്ല എന്ന് പരാതി ഉയർന്നിട്ടുണ്ടോ;

(ബി) എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്ത അഭ്യസ്തവിദ്യർക്ക് പ്രയോജനപ്പെടുന്ന നിലയിൽ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ തയ്യാറാകുമോ;

(സി) അർദ്ധ സർക്കാർ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും താൽക്കാലിക നിയമനത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് പ്രവർത്തിക്കുന്നതായി അറിയാമോ;

(ഡി) താല്കാലിക നിയമനങ്ങൾ പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി യോഗ്യതയനുസരിച്ച് മാത്രം നടക്കുന്നു എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി അല്ലാതെ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തുകയുണ്ടായിയെന്ന് വിശദമാക്കാമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഇല്ല. എന്നാൽ എക്സ്ചേഞ്ചുകൾ വഴി നൽകുന്ന തൊഴിൽ അവസരങ്ങൾ വളരെ കുറവാണ്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടറൈസ് ചെയ്തു വരികയാണ്. ഇതിനുശേഷം കൂടുതൽ തൊഴിൽദാതാക്കൾക്ക് ഈ ഡേറ്റാബേസ് ഉപയോഗിക്കുവാൻ സാധിക്കും.

(സി) പല അർദ്ധ സർക്കാർ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും താൽക്കാലിക നിയമനത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (വിശദീകരണക്കുറിപ്പ് ഇതോടൊപ്പം ചേർക്കുന്നു) †

(ഡി) ഇല്ല.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്